happens. These cases are taken into consideration when filling up vacancies next time.

Mr. M. V. Cherian *(Mattancheri South).*—I think a rotation as per communities is prepared. Then there will be a list of vacancies. Then the first member in the rotation list will be given the first vacancy and so on. Is it not like that?

Mr. K. P. Kannan Nayar *(Secretary to Government).*—No.

Mr. M. V. Cherian *(Mattancheri South).*—Then what is the discretion that the Board uses in such matters.

Mr. K. P. Kannan Nayar *(Secretary to Government).*—There is no fixed rule. But the board considers the claims of the members of various communities and try to make the distribution equal as far as possible.

Mr. K. T. Mathew *(Kunnamkulam).*—Do you maintain a waiting list of names?

Mr. K. P. Kannan Nayar *(Secretary to Government).*—Yes.

177. Mr. M. V. Cherian *(Mattancheri South).*—Will the Government be pleased to state:—

(a) whether the list published is in accordance with the rotation of communities;

(b) if No. 9 referred to in question No. 176 (a) could not join duty has not 'Other Christians' lost one turn;

(c) if so, is not a re-arrangement of appointments necessary to give due representation to 'Other Christians'?

Mr. K. P. Kannan Nayar *(Secretary to Government).*—

(a) Yes.

(b) No, because this turn was subsequently satisfied.

(c) Does not arise.

Staff Selection Board—applicants from Depressed Classes—particulars regarding.

ശ്രീ. മിസ്റ്റർ വി. എസ്സ്. കൃഷ്ണൻ വൈദ്യൻ *(Nominated)*—താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടിൽനിന്നും ഒയവായി മറുപടി പറയുമോ:—

LIBRARY ARCHIVES Kerala Legislative Assembly

സ്റ്റാഫ് സിലക്ഷൻ ബോർഡിന്റെ ആവിർഭാവത്തിനു ശേഷം അധഃകൃതരിൽ എത്ര പേർക്കു ഗവമെണ്ടിൽനിന്നും ഉദ്യോഗം നൽകീട്ടുണ്ട്; അധഃകൃതരിൽനിന്ന് ഉദ്യോഗാർത്ഥം എത്ര അപേക്ഷകൾ ബോർഡിലേക്ക് ലഭിച്ചിട്ടുണ്ട്; അങ്ങിനെയുള്ള അപേക്ഷകളിൽനിന്ന് പടന്നാന്മാരിൽനിന്നും എത്ര അപേക്ഷകൾ സിലിച്ചിട്ടുണ്ട്; ബാക്കിയുള്ളവരിൽനിന്നും എത്ര?

മിസ്റ്റർ കെ. പി. കണ്ണൻ നായർ (*Secretary to Government*).—

ഗ്രൂപ്പ് ക-ൽ പകരം	൨൭
,, സ്ഥിരം	൭
ഗ്രൂപ്പ് ഖ-ൽ പകരം	ക
ആകെ ലഭിച്ചിട്ടുള്ള അപേക്ഷകൾ	൨൯൯
പടന്നാന്മാരിൽനിന്നു ലഭിച്ചിട്ടുള്ള അപേക്ഷ	ക
ബാക്കിയുള്ളവരിൽനിന്ന് ലഭിച്ചിട്ടുള്ള അപേക്ഷകൾ	൨൯൦

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganur*).— സ്റ്റാഫ് സിലക്ഷൻബോർഡിൽ അധഃകൃതരിൽനിന്നും ഉദ്യോഗത്തിനപേക്ഷിച്ചിട്ടുള്ള ൨൯൯ അപേക്ഷകളിൽ ൻന അപേക്ഷകളേ അനുവദിക്കുവാൻ ബോർഡിനു സാധിച്ചിട്ടുള്ളുവെന്നാണോ പറയുന്നത്?

മിസ്റ്റർ കെ. പി. കണ്ണൻനായർ (*Secretary to Government*).— അതെ.

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganur*).— ഈ ൻന ഉദ്യോഗങ്ങളിൽ ഏറ്റവും കൂടുതലായ തസ്തിക എന്തു കൊടുത്തിട്ടുണ്ടെന്നു പറയാമൊ?

മിസ്റ്റർ കെ. പി. കണ്ണൻനായർ (*Secretary to Government*).— ൨൭ മുതൽ ൪൦ വരെയുള്ള ശമ്പളത്തിൽ ഒരു ടൈപ്പിസ്റ്റിനെ വച്ചിട്ടുണ്ടെന്നു തോന്നുന്നു. തീർച്ച പറയുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Cranganur*).— അതിൽനിന്നു കുറച്ചുകൂടി കൂടുതലായി ഒരു ശതമാനം കൊടുക്കുവാൻ വല്ല മാർഗ്ഗവും ഉണ്ടായിരുന്നില്ലേ?

മിസ്റ്റർ കെ. പി. കണ്ണൻനായർ (*Secretary to Government*).— തരമില്ല, ഉണ്ടെങ്കിൽ തീർച്ചയായും കൊടുക്കുമായിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— നിയമനങ്ങൾ നടത്തുന്നതിൽ ആദ്യമാദ്യമുള്ള അപേക്ഷകൾക്കു മുൻഗണന കൊടുക്കാറുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ (*Secretary to Government*).— അങ്ങിനെയില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— പിന്നെ ഏതിനെ അടിസ്ഥാനപ്പെടുത്തിയാണ്. മാക്സ് നോക്കിയാണോ നിയമിച്ചുവരുന്നത്?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Governmnt)*.— മാക്സ് നോക്കിയല്ല. അധികവും പകരക്കാരെയാണ നിയമിച്ചിട്ടുള്ളത്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.—ആദ്യമാദ്യം അപേക്ഷിച്ചിട്ടുള്ള തന്നെസരിച്ചു നിയമിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government)*.— ആദ്യം അപേക്ഷിച്ചതു കണക്കാക്കികൊടുത്തിട്ടുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— ഒരു സമുദായത്തിൽനിന്നും പകരക്കാരുള്ളപ്പോൾ പുതിയ ആളെ വച്ചിട്ടില്ലേ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government)*.— ഒരു എണ്ണമോ മറെറാ ഈഴവസമുദായത്തിൽനിന്നു ഏജൂബാറിനെ സംബന്ധിച്ചു ചെയ്തിട്ടുണ്ടെന്നു തോന്നുന്നു.

മിസ്റ്റർ കെ. എം ഇബ്രാഹിം *(Cranganur)*.— ഉദ്യോഗത്തിനുള്ള അപേക്ഷകളിൽ ഇന്ന ഉദ്യോഗം ഇന്ന തസ്തികയിലുള്ളതു കിട്ടണമെന്നു അപേക്ഷിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government)*.— ചിലർ അങ്ങിനെയും അപേക്ഷിക്കാറുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur)*.— അധഃകൃതരിൽ നിന്നുള്ള അപേക്ഷകളിൽ ഏറെറവും കൂടുതൽ തസ്തികക്കുള്ള അപേക്ഷകൾ എത്രയായിരുന്നുവെന്നു ദയവായി പറയാമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government)*.— അങ്ങിനെ അപേക്ഷിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur)*.— ചിലർ അങ്ങിനെ ഉണ്ടെന്നു പറഞ്ഞുവല്ലൊ.

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government)*.— അധഃകൃതരിൽനിന്നു അങ്ങിനെ അപേക്ഷിച്ചിട്ടില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur)*.— അധഃകൃതരിൽ നിന്നുള്ള ഒരൊറെറ അപേക്ഷയിലും ഇല്ലെന്നാണോ പറയുന്നത്?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government)*.— അധഃകൃതരുടെ അപേക്ഷകളിൽ ഇല്ല.

മിസ്റ്റർ കെ. എസ്സ് പണിക്കർ *(Ezhuvas North)*.— ഏജൂബാർ നോക്കി നിയമനങ്ങൾ നടത്തുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. കണ്ണൻനായർ (*Secretary to Government*) — നിവൃത്തിയുള്ളിടത്തോളം അങ്ങിനെ ചെയ്യണമെന്നാണു വിചാരിച്ചിരിക്കുന്നതും, ചെയ്തുവരുന്നതും.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— സ്റ്റാഫ് സിലക്ഷൻ ബോർഡിൽ വരുന്ന അപേക്ഷകളിൽ ഏജൂബാർ വന്നാൽ അതു കൂടാതെ കഴിക്കത്തക്ക നിലയിൽ നിയമനങ്ങൾ നടത്തുവാൻ ഗവമ്മെൻറിനു മയവുണ്ടാകുമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ (*Secretary to Government*).— അതു ഒരു നിയമമായിട്ട സ്വീകരിക്കുവാൻ പ്രയാസമാണ്.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— സ്റ്റാഫ് സിലക്ഷൻ ബോർഡിലേക്കു അപേക്ഷ അയച്ചിട്ട നാലഞ്ചു കൊല്ലം കഴിഞ്ഞു കപാളിഫിക്കേഷനുണ്ടായിരിക്കുകയും, ഏജൂബാർ ഇല്ലാതെ വരുകയും ചെയ്താൽ അങ്ങിനെയുള്ള അപേക്ഷകളെ സ്വീകരിക്കുവാൻ ഗവമ്മെൻറിനു വിരോധമുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ (*Secretary to Government*).— പ്രത്യേകം ചില കാര്യങ്ങളിൽ ബോർഡിൽനിന്നും റക്കമെൻറു ചെയ്താൽ സ്വീകരിക്കണമെന്നു ആർഡേഴ്സ് ഉണ്ട്.

മിസ്റ്റർ വി. കെ. കുട്ടി (*Muslims*).— അപേക്ഷിച്ചിട്ട പിന്നീടു ഏജൂബാർ ഇല്ലാതെ വരുകയാണെങ്കിൽ അതിനു എക്സംപ്ഷൻ കൊടുക്കുമോ?

മിസ്റ്റർ കെ. പി കണ്ണൻനായർ (*Secretary to Government*).— ചില സമയങ്ങളിൽ ആക്റിംഗ് സ്വീസുള്ളവർക്കു കൊടുക്കുവാൻ നിവൃത്തിയില്ലാതെ വരും, അതാണു വിഷമം. പ്രത്യേകം ചില കാര്യങ്ങളിൽ അങ്ങിനെ ചെയ്യാമെന്നല്ലാതെ ജനറലായിട്ട ഒരു രൂൾ വയ്ക്കുവാൻ പ്രയാസമാണ്.

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Crangnur*).—മൈനാർ മൈനാറിട്ടീസിൻെറ കാര്യത്തിൽ സംരക്ഷണ പോരാ എന്നു ഗവമ്മെൻറിലേക്കു വല്ല ആവലാതിയും കിട്ടീട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ (*Secretary to Government*).— ഇല്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Crangnur*).— ഇതുവരെ കിട്ടീട്ടില്ലേ?

മിസ്റ്റർ കെ. പി. കണ്ണൻനായർ (*Secretary to Government*).— ഇല്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം (*Crangnur*).— ഉറപ്പായിട്ട പറയുന്നതോ അതോ ഓർമ്മ വച്ചുകൊണ്ടു പറയുന്നതോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government)*.— ഓമ്മകൊണ്ടുമാത്രം പറയുന്നതാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhavas North)*.—ത്രോൺ ഔട്ടായിട്ടുള്ളവർ പുറത്തു നിൽക്കുമ്പോൾ ഏജൂബാറാകുമെന്ന സംശയമുള്ളവരായ പുതിയ ആളുകളെ നിയമിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government.*— വച്ചിട്ടില്ലാ. ഒരെണ്ണം അങ്ങനെ ഉണ്ടായിട്ടുണ്ട്.

മിസ്റ്റർ കെ. ടി. മാത്യു *(Kunnamkulam)*.— ഏജൂബാറായവർക്കു കൊടുത്ത ശേഷമേ ആക്ടിംഗുകാർക്കു കൊടുക്കുകയുള്ളൂവെന്ന വല്ല നിശ്ചയവുമുണ്ടോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government)*.— അങ്ങിനെയാണു വേണ്ടതെന്നു ഈ ഹൌസ് തീർച്ചയാക്കുന്നപക്ഷം ഗവർമ്മെൻറിനു അതു സ്വീകരിക്കുവാൻ വിരോധമില്ല.

മിസ്റ്റർ കെ. ടി. മാത്യു *(Kunnamkulam)*.— അങ്ങിനെ ചെയ്തില്ലെങ്കിൽ ഏജൂബാർകൊണ്ടു പലപ്പോഴും അവർ ഗവർമ്മെൻറിനെ ബുദ്ധിമുട്ടിക്കും എന്നു ഗവർമ്മെൻറിനറിയാമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government)*.— ജനറലായിട്ടു അതു സ്വീകരിക്കണമെന്നു ഈ ഹൌസ് തീർച്ചയാക്കുകയാണെങ്കിൽ അതുപോലെ ചെയ്യാം.

മിസ്റ്റർ കെ. ടി. മാത്യു *(Kunnamullam)*.— 21 വയസ്സു തികയുന്നതിനു രണ്ടുമാസം മുമ്പേ അപേക്ഷിച്ചിട്ടുള്ളതാണെങ്കിൽ അതു ഗവർമ്മെൻറു സ്വീകരിക്കുമോ?

മിസ്റ്റർ കെ. പി കണ്ണൻനായർ *(Secretary to Government)*.— അൺറപ്രസെൻറേറ്റീവ് കമ്മ്യൂണിറ്റീസാണെങ്കിൽ ചെയ്യും. ജനറലായിട്ട എല്ലാ കാര്യത്തിലും അങ്ങിനെ ചെയ്കയില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം *(Cranganur)*— അൺറപ്രസെൻറേറ്റീവ് കമ്മ്യൂണിറ്റീസിൻെറ കാര്യത്തിൽ ഗവർമ്മെൻറു ദയവായി ചെയ്തുവരുന്നുണ്ടെന്നാണൊ പറയുന്നതു?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government)*.— ഒരെണ്ണം ചെയ്തിട്ടുള്ളതു അങ്ങിനെയാണു.

മിസ്റ്റർ വി. എസ്സ്. കൃഷ്ണൻവൈദ്യർ *(Nominated)*—ഈ വർഗ്ഗ പേരിൽ ഏതെല്ലാം വർഗ്ഗക്കാർ ഉൾപ്പെട്ടിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ കെ. പി. കണ്ണൻനായർ *(Secretary to Government)*.— പറയുവാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly